# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2345 15/07/2011-ൽ മറുപടിക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം**

ശ്രീ. കെ. ദാസൻ:

**ഉത്തരം**

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും എത്ര അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്; | (എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആരംഭിച്ച ചേലക്കര, കുഴൽമന്ദം എന്നീ രണ്ട് ഇംഗ്ലീഷ് മീഡിയം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 9 അദ്ധ്യാപക തസ്തികകളും 17 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചതു കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 26 അദ്ധ്യാപക തസ്തികകളും 83 അനദ്ധ്യാപക തസ്തികകളും, പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 73 അദ്ധ്യാപക തസ്തികകളും 188 അനദ്ധ്യാപക തസ്തികകളും അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പുതുതായി പ്ലസ് ടു അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാ ക്കാമോ? | (ബി) 2006-11 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 5 സ്കൂളുകളിലും, പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള 1 സ്കൂളിലും പുതുതായി പ്ലസ് ടു അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ